## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2050 — 04-11-2019-ൽ മറുപടിയ്ക്ക്

## നീണ്ടകര തുറമുഖം

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | നീണ്ടകര തുറമുഖത്തു നിന്നും മത്സ്യത്തൊഴിലാളികളുടെ ബോട്ടും ഡീസലും മോഷണം പോയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽ നീണ്ടകര തുറമുഖത്തു നിന്നും 13.09.2019-ൽ ഫൈബർ വള്ളങ്ങളും, ഇന്ധനവും മോഷണം പോയതുമായി ബന്ധപ്പെട്ട് ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ ക്രൈം നം. 738/19 U/S 379 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | അതീവ സുരക്ഷാ പ്രാധാന്യമുള്ള നീണ്ടകര തുറമുഖത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | അതീവ സുരക്ഷാ പ്രാധാന്യമുള്ള നീണ്ടകര തുറമുഖത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. തീരദേശ മേഖലകളിലും, ഹാർബറുകളിലും ബോട്ട് യാർഡുകളിലും, കടവുകളിലും പോലീസ് പട്രോളിംഗും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്.<br>2. തീരദേശ മേഖലയിലെ സുരക്ഷ മുൻനിർത്തി കടലോര ജാഗ്രതാ സമിതി മീറ്റിംഗുകളും നടത്തി വരുന്നുണ്ട്.<br>3. കോസ്റ്റൽ പോലീസിനെ തനത് ഡ്യൂട്ടികൾക്ക് മാത്രം നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോസ്റ്റ്ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹകരണത്തോടെ കോസ്റ്റൽ പോലീസിന് പരിശീലനം നടത്തി വരുന്നുണ്ട്.<br>4. നീണ്ടകര തീരദേശ മേഖലയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ്, നിരീക്ഷണ ക്യാമറകൾ എന്നിവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ